**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3569** **05-08-2021 - ൽ മറുപടിയ്ക്ക്**

**ബഹുനില വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബഹുനില വ്യവസായ പാർക്കുകൾ (ശാല) സ്ഥാപിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വ്യവസായ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ എടയാറിൽ ഒരു ബഹുനില വ്യവസായ സമുച്ചയം (ശാല) പൂർത്തീകരിച്ച് സംരംഭകർക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽപ്പാടത്ത് രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങളും ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ ഒരു ശാലയും നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ ഒരു ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന്റെയും തിരുവനന്തപുരത്ത് ഐ.ടി/ഐ.ടി അധിഷ്ഠിത മേഖല, കിൻഫ്ര ഫിലിം ആന്റ് & വീഡിയോ പാർക്കിന്റെയും പ്രവർത്തനങ്ങൾ നടന്നു വരുന്നു |
| (ബി) | പുതുതായി ഏതെല്ലാം ജില്ലകളിലാണ് വ്യവസായ പാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | വ്യവസായ വകുപ്പിലെ പൊതുമേഖല സ്ഥാപനമായ കിൻഫ്ര കൊച്ചിയിൽ ഒരു പെട്രോ കെമിക്കൽ പാർക്കും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയും ഇടുക്കിയിലെ തൊട്ടുപുഴയിൽ ഒരു സ്പൈസസ് പാർക്കും തുടങ്ങാൻ ഉദ്ദേശിക്കുന്നു. |
| (സി) | വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | നിലവിലുള്ള വ്യവസായ വികസന പാർക്കുകളുടെ അടിസ്ഥാന സൗകര്യ ങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനു പുറമേ വ്യവസായ പാർക്കുകളിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നിങ്ങനെ പുതിയ സൗകര്യങ്ങൾ ഒരുക്കി നിക്ഷേപകരെ ആകർഷിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. എറണാകുളത്ത് എടയാറിലും ആലപ്പുഴ ജില്ലയിലെ അരൂരിലും കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വികസന പദ്ധതികൾക്കായി സംസ്ഥാനത്തിന് | (ഡി) | സംസ്ഥാനത്ത് കൂടുതൽ വ്യവസായ സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | പുറത്തുള്ള ഏജൻസികളെ ആകർഷിക്കാൻ നടപടികളിൽ ലഘൂകരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | ആരംഭിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പി ക്കുന്നതിനുമായി ഈസ് ഓഫ് ഡൂയിങ് ബിസിനസ് സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ